**യൂണിറ്റ് 1: സ്കൂൾവിക്കി - എന്ത്? എന്തുകൊണ്ട്?**

കേരളത്തിലെ എല്ലാ സ്കൂളുകളുടെയും വിവരങ്ങൾ ഉൾപ്പെടുത്തി സർക്കാർ സംരംഭമായ ഐ.ടി. @ സ്കൂൾ (കൈറ്റ്) തയ്യാറാക്കുന്ന സംരംഭമാണ് **സ്കൂൾവിക്കി.** സ.ഉ.(സാധാ) നം.1198/2022/GEDN തീയതി 01/03/22 പ്രകാരം കേരളത്തിലെ സർക്കാർ, എയ്ഡഡ്, അംഗീകൃത അൺഎയ്ഡഡ് മേഖലയിലെ മുഴുവൻ വിദ്യാലയങ്ങളും ഇതിൽ അംഗമാകേണ്ടതാണ്.

വിദ്യാർത്ഥികളുടെ സർഗാത്മകസൃഷ്ടികളും അദ്ധ്യാപകർ തയ്യാറാക്കുന്ന പഠനസഹായ വിവരങ്ങളും ശേഖരിക്കുന്നതിനും പങ്കുവെക്കുന്നതിനുമായിട്ടാണ് ഈ വെബ്സൈറ്റ് പ്രസിദ്ധീകരിച്ചിരിക്കുന്നത്.

നിലവിൽ പന്ത്രണ്ടായിരത്തിയഞ്ഞൂറോളം സ്കൂളുകളുടെ പേരുകൾ സ്കൂൾവിക്കിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പൂർവവിദ്യാർത്ഥികളെക്കുറിച്ചുള്ള വിവരങ്ങൾ, ഭൗതികസൗകര്യങ്ങൾ, ക്ലബ്ബുകൾ, ക്ലാസ് മാഗസിനുകൾ, സ്കൂളുകൾ തയ്യാറാക്കുന്ന കൈയെഴുത്തുമാസികകൾ, പ്രാദേശികപത്രങ്ങൾ, പ്രാദേശികചരിത്രം, നാടോടി വിജ്ഞാനകോശം, പഠന പ്രോജക്ടുകൾ എന്നിവ ഉൾപ്പെടെ ഓരോ വിദ്യാലയങ്ങളെക്കുറിച്ചുമുള്ള പരമാവധി വിവരങ്ങളാണ് സ്കൂൾവിക്കിയിൽ ലക്ഷ്യമിടുന്നത്.

സംസ്ഥാനത്തെ രണ്ടായിരത്തോളം സ്കൂളുകളിലെ ലിറ്റിൽകൈറ്റ്സ് വിദ്യാർഥികൾ തയാറാക്കിയ ഡിജിറ്റൽ മാസികകൾ പൊതുജനങ്ങൾക്കായി സ്കൂൾവിക്കി പോർട്ടലിൽ 2018 മുതൽ പ്രസിദ്ധീകരിച്ച് വരുന്നുണ്ട്.

പൂർവ്വവിദ്യാർത്ഥികൾക്കും പൂർവ്വ അദ്ധ്യാപകർക്കും സ്കൂൾവിക്കിയിൽ ഇടമുണ്ട്. വിദ്യാലയങ്ങളെ സംബന്ധിച്ച് അനന്തമായ സാധ്യതകളാണ് സ്കൂൾവിക്കി നൽകുന്നത്. ഓരോ ടീച്ചറും സ്കൂൾവിക്കി എന്താണെന്ന് മനസ്സിലാക്കണം, അത് കുട്ടികളിലേക്ക് എത്തണം, പൊതുസമൂഹം ഇതറിയണം. ഓരോരുത്തരും എഡിറ്റിങ് പഠിക്കണം. സ്കൂൾവിക്കിയുടെ സാധ്യതകളെക്കുറിച്ച് ഓരോ ടീച്ചറും മനസ്സിലാക്കിയെങ്കിൽ മാത്രമേ ഇതിനെ ശാക്തീകരിക്കാനാവുകയുള്ളൂ, അതുവഴി സ്വന്തം വിദ്യാലയത്തിന്റെ മികവുകൾ പൊതുസമൂഹത്തിലെത്തിക്കാനാവുകയുള്ളൂ.

------------------------------------------------------------------------------------

## മുഴുവൻ യൂണിറ്റുകളുടേയും pdf ഫയലുകളും വീഡിയോ ഫയലുകളും ഇവിടെക്കാണാം

------------------------------------------------------------------------------------

**പരിശീലനത്തിൽ പങ്കെടുക്കുന്നവർ ഇവിടെ രജിസ്റ്റർ ചെയ്യുക.**

**ജില്ലയുടെ വാട്സ്ആപ് ഗ്രൂപ്പിൽ ചേരുന്നതിന് ഇവിടെ സൗകര്യമുണ്ട്.**

**സാങ്കേതിക സഹായത്തിന് :** SchoolwikiHelpDesk **സന്ദർശിക്കുക**